1
ജൂലൈ 2023
ചൊവ്വ
Pages- 5
Vol. 2 Issue 179

# ക്രിസ്ത്യൻലൈവ് ദിനപത്രം

On the Battlefield for the Great Commission
CNL7 MEDIA
548

# മണിപ്പൂർ വിഷയത്തിൽ പ്രധാനമന്ത്രി മറുപടി പറയും



## മണിപ്പൂരിൽ ഡിജിപിയെ ശകാരിച്ച് സുപ്രീം കോടതി




പേജ് 4 കാണുക

# ഹരിയാനയിൽ വർഗീയ സംഘർഷം; മൂന്ന് മരണം

## എഡിറ്റോറിയൽ
## ക്രിസ്ത്യൻ ലൈവ്

2023 ജൂലൈ 1 ചൊവ്വ



# കണ്ണ് തുറക്കട്ടെ...

ഭാരതത്തിലെ ഓരോ സംസ്ഥാനങ്ങളുടെയും സാഹചര്യങ്ങൾ വീക്ഷിച്ചാൽ, മിക്കവാറും എല്ലാം ഭീതിയുടെ നിഴലിൽ ആണ്. മണിപ്പൂരിലെ സ്ഥിതിഗതികൾ നോക്കിയാൽ ക്രൂരപീഡനങ്ങൾ സഹിക്കുന്ന പാവപ്പെട്ട മനുഷ്യരെയും നാം കാണുന്നു. മരിച്ചവരുടെ മൃതദേഹങ്ങൾ സംസ്കരിക്കാൻ കഴിയാതെ നായ്ക്കൾ തിന്നുന്ന അവസ്ഥ എത്ര ഭയാനകം. സംസ്കരിക്കാൻ പോലും അനുവദിക്കാത്ത മൃഗതുല്യരായ മനുഷ്യരാണോ ഇന്ന് ജീവിക്കുന്നത്. കേരളത്തെ ദൈവത്തിന്റെ സ്വന്തം നാടെന്ന അഭിമാനിച്ച നാം ഇന്ന് അവിടെയും ക്രൂരതകൾ കണ്ട് ഭയന്ന് നിൽക്കുന്നു. മകൾ ആകാൻ പ്രായമുള്ള ഒരു പെൺകുട്ടിയെ കൊന്നിട്ട് ക്രൂരമായി പീഡിപ്പിച്ച ആ നാരാധാമന്റെ ക്രൂരതകൾ കണ്ട് കേരളം വീണ്ടും വിറങ്ങലിക്കുന്നു. രാഷ്ട്രീയ നേതാക്കൾ ആളുകളുടെ മുൻപിൽ സങ്കടം കാണിക്കുന്നു. വോട്ടുകളുടെ എണ്ണം വർദ്ധിപ്പിക്കുവാൻ തത്രപ്പെടുന്നു. സ്വന്തം വീട്ടിൽ ഇതൊന്നും സംഭവിക്കില്ല എന്ന വിശ്വസിച്ചു ആർത്തുല്ലസിക്കുന്നു.

അധികാര കസേരകളുടെ ബലത്തിൽ ഇതൊന്നും തങ്ങളെ ബാധിക്കില്ല എന്ന ചിന്തയിലാണ് രാഷ്ട്രീയ നേതാക്കളും മത നേതാക്കളും. ബൈബിൾ പറയുന്നു, നീ ഈ സമയത്തു മിണ്ടാതിരുന്നാൽ , ദൈവത്തിന്റെ ജനത്തിന് രക്ഷക്കായി ദൈവം മാർഗ്ഗം ഒരുക്കും പക്ഷേ അധികാരം ഉണ്ടായിട്ടും മിണ്ടാതിരിക്കുന്നവരുടെ കാര്യം കഷ്ടത്തിലാകും. ജനത്തിന്റെ പാപം വർദ്ധിച്ച് വേദപുസ്തകം പറയുന്ന പാപ പ്രവർത്തികൾക്ക് കീഴ്പ്പെട്ടു ജീവിക്കുന്ന ജനസമൂഹത്തെ മടക്കികൊണ്ട് വരുവാൻ ദൈവത്തിനും ദൈവവചനത്തിനും മാത്രമേ കഴിയൂ. എല്ലാം അറിഞ്ഞിട്ടും ദൈവത്തിങ്കലേക്ക് മടങ്ങിവരുവാൻ ജനം വിസമ്മതിക്കുന്നു. ദൈവത്തിങ്കലേക്കുള്ള വഴി കാണിച്ചു തന്ന യേശുക്രിസ്തുവിന്റെ പാത പിൻപറ്റുവാൻ ജനം തയ്യാറാക്കാത്തിടത്തോളം പീഡനങ്ങൾ വർധിക്കും. തമ്മിൽ തമ്മിൽ കൊല്ലുകയും നശിപ്പിക്കയും ചെയ്യും. ഭാരതത്തിലെ പീഡകരുടെയും അവരെ സംരക്ഷിക്കുന്നവരുടെയും കണ്ണ് തുറക്കട്ടെ.



സിസ്റ്റർ ഷീലാ ദാസ്

# യുക്രെയ്ൻ നഗരങ്ങളിൽ വ്യോമാക്രമണം; മോസ്കോ ഡ്രോൺ ആക്രമണത്തിന് പിന്നാലെ നടപടി ശക്തമാക്കി റഷ്യ



മോസ്കോയ്ക്ക് നേരെയുണ്ടായ ഡ്രോൺ ആക്രമണത്തിന് പിന്നാലെ യുക്രെയ്നിൽ വ്യോമാക്രമണം ശക്തമാക്കി റഷ്യ. പ്രസിഡന്റ് വോളോഡിമിർ സെലൻസ്കിയുടെ നാടായ യുക്രെയ്നിയൻ നഗരം കീവി റിയയിൽ റഷ്യ ശക്തമായ മിസൈലാക്രമണം അഴിച്ചുവിട്ടു. കുട്ടികളുൾപ്പെടെ ആറുപേർ കൊല്ലപ്പെട്ടതായാണ് റിപ്പോർട്ടുകൾ. എഴുപതിലേറെ പേർക്ക് മിസൈലാക്രമണത്തിൽ പരുക്കേറ്റതായാണ് വിവരം. നേരത്തെയും കീവി റിയ നഗരത്തിലെ ജനവാസമേഖലകൾ ലക്ഷ്യമിട്ട് റഷ്യ ആക്രമണം നടത്തിയിരുന്നു. മിസൈലാക്രമണത്തിൽ നിരവധി വീടുകളും കെട്ടിടങ്ങളും പൂർണമായും തകർന്നു. മേഖലയിൽ രക്ഷാപ്രവർത്തനം തുടരുകയാണെന്ന് യുക്രെയ്ൻ പ്രസിഡന്റ് അറിയിച്ചു. ആക്രമണത്തിന് പിന്നാലെ റഷ്യക്കെതിരെ ഉപരോധമെന്ന ആവശ്യം ശക്തമാക്കി സെലൻസ്കി രംഗത്തെത്തി. ആക്രമണം നിരവധിപേരെ ബാധിച്ചെങ്കിലും യുക്രെയ്ൻ ജനതയെ യുദ്ധത്തിൽനിന്ന് പിന്തിരിപ്പിക്കാൻ റഷ്യയുടെ ഈ നീക്കങ്ങൾക്കൊന്നുമാകില്ലെന്നും സെലൻസ്കി വ്യക്തമാക്കി.

ഖേഴ്സണിലും റഷ്യ ഷെല്ലാക്രമണം ശക്തമാക്കി. മേഖലയിൽ നാലുപേർ കൊല്ലപ്പെട്ടതായാണ് വിവരം. അതിർത്തിമേഖലകളിൽ റഷ്യ ഡ്രോൺ ആക്രമണം നടത്തിയതായും റിപ്പോർട്ടുകളുണ്ട്.

ശനിയാഴ്ച മോസ്കോയെ ലക്ഷ്യമിട്ട് യുക്രെയ്ൻ ഡ്രോൺ ആക്രമണം നടത്തിയിരുന്നു. ഇതിന് പിന്നാലെയാണ് റഷ്യ നടപടികൾ ശക്തമാക്കിയത്. മോസ്കോയ്ക്ക് നേരെ യുക്രെയ്ൻ ശക്തമായ ഡ്രോൺ ആക്രമണമാണ് നടത്തിയതെന്ന് റഷ്യ ആരോപിച്ചിരുന്നു. തലസ്ഥാനനഗരത്തിലെ പ്രധാന കെട്ടിടങ്ങളിൽ രണ്ടെണ്ണം തകരുകയും ചെയ്തു. പിന്നാലെ മോസ്കോ രാജ്യാന്തര വിമാനത്താവളം താത്കാലികമായി അടച്ച് റഷ്യ മുൻകരുതൽ നടപടികൾ സ്വീകരിച്ചിരുന്നു.

## സുഡാനിലെ ആഭ്യന്തര യുദ്ധം ;
# ക്രൈസ്തവരുടെ ജീവൻ അപകടത്തിൽ



ഖാർത്തൂം: സുഡാനിൽ സർക്കാർ സൈന്യവും, അർദ്ധസൈനിക വിഭാഗമായ റാപ്പിഡ് സപ്പോർട്ട് ഫോഴ്സും തമ്മിലുള്ള പോരാട്ടം രൂക്ഷമായതിനെ തുടർന്ന്! രാജ്യത്ത് അവശേഷിക്കുന്ന ക്രിസ്ത്യാനികളുടെ കാര്യം ദയനീയമാണെന്നും, അവരുടെ ജീവൻ അപകടത്തിലാണെന്നും മിഷ്ണറി വൈദികൻ. നിരവധി ക്രിസ്ത്യാനികൾ പലായനം ചെയ്യുകയും, രക്ഷപ്പെടുകയും ചെയ്തുവെങ്കിലും, സംഘർഷം തലസ്ഥാന നഗരമായ ഖാർതൂമിലേക്കും മറ്റ് ജനവാസ മേഖലകളിലേക്കും വ്യാപിക്കുന്നതോടെ രാജ്യത്ത് അവശേഷിക്കുന്ന ക്രൈസ്തവരുടെ ജീവൻ അപകടത്തിലാവുമെന്ന് ഫാ. ജോർജ്ജ് കാർലോസ് നാരാഞ്ചോ വെളിപ്പെടുത്തി. കമാൻഡ് സെന്ററാക്കി പരിവർത്തനം ചെയ്ത ഖാർതൂമൈൽ കോപ്റ്റിക് കത്തീഡ്രൽ ഉൾപ്പെടെ നിരവധി ദേവാലയങ്ങൾ ആക്രമണത്തിനിരയായിട്ടുണ്ടെന്നും അദ്ദേഹം വെളിപ്പെടുത്തി. ഓംദുർമാനിലെ കോപ്റ്റിക് കത്തീഡ്രലും ആക്രമണത്തിനിരയാവുകയും കൊള്ളിയടിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. അക്രമികൾ നിരവധി കാറുകൾ മോഷ്ടിക്കുകയും, മെത്രാനേയും, മറ്റൊരു പുരോഹിതനേയും ഇസ്ലാമിലേക്ക് മതപരിവർത്തനം ചെയ്യുമെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്തു. ഖാർതൂമിലെ ഓൾ സെയിന്റ്സ് എപ്പിസ്കൊപ്പൽ കത്തീഡ്രലും ആക്രമിക്കപ്പെട്ട ദേവാലയങ്ങളിൽ ഉൾപ്പെടുന്നു.

ആക്രമിക്കപ്പെട്ട ദേവാലയങ്ങളിൽ പല ദേവാലയങ്ങളും കൊള്ളയടിക്കപ്പെട്ടിട്ടുണ്ട്. കോപ്റ്റിക് ക്രൈസ്തവരുടെ നിറത്തിന്റെ പേരിൽ അവർ യഥാർത്ഥ സുഡാനികൾ അല്ലെന്ന് പറഞ്ഞ് അവരെ അവഹേളിക്കുകയും ചെയ്യുന്നുണ്ട്. സംഘർഷ മേഖലകളിൽ കഴിയുന്നവർക്ക് ഭക്ഷണമോ, വെള്ളമോ, വൈദ്യുതിയോ ലഭിക്കുന്നില്ലെന്നും, ജനങ്ങളുടെ വീടുകൾ ആർ.എസ്.എഫ് പട്ടാളക്കാർ കയ്യടക്കിയിരിക്കുകയാണെന്നും, നിരവധി സാധാരണക്കാർ കൊല്ലപ്പെട്ടുവെന്നും, അന്താരാഷ്ട്ര സംഘടനകൾക്ക് സാധാരണക്കാരിലേക്ക് എത്തുവാൻ കഴിയുന്നില്ലെന്നും ഫാ. ജോർജ്ജ് വെളിപ്പെടുത്തി. സൈനീക മേധാവി അബ്ദേൽ ഫത്താ അൽ ബുർഹാനും, ആർ.എസ്.എഫ് തലവനായ ജനറൽ മൊഹമ്മദ് ഹംദാനും തമ്മിലുള്ള അധികാര വടംവലിയാണ് ആഭ്യന്തരയുദ്ധമായി പരിണമിച്ചിരിക്കുന്നത്. പോരാട്ടം കനക്കുമ്പോഴും ജീവൻപോലും വകവെക്കാതെ ഇടവക ജനങ്ങൾക്ക് ആശ്വാസവും, പ്രതീക്ഷയും പകരുവാൻ ഖാർതൂമിലും, എൽ്ഒബെയിദിലും തുടരുവാനുള്ള തീരുമാനത്തിലാണ് വൈദികർ.

**Christian Live (Malayalam) Advertisement Tariff**

| Full Page | Quarter Page |
| --- | --- |
| Front – 5000 INR | Front - 1250 INR |
| Back – 4000 INR | Back - 1000 INR |
| Inside- 3000 INR | Inside- 750 INR |
| **Half Page** | **Half of Quarter Page** |
| Front - 2500 INR | Front - 750 INR |
| Back- 2000 INR | Back - 500 INR |
| Inside -1500 INR | Inside- 250 INR |

ഒരേ സമയത്ത് ഒന്നിലേറെ ദിവസങ്ങളിൽ പരസ്യങ്ങൾ നൽകുന്നവർക്ക് പ്രത്യേക ഇളവുകൾ ഉണ്ടായിരിക്കും

EDITORIAL BOARD

*Chief Editor:*
Blessin John Malayil
**Managing Editor**
Aji George
**Publisher**
Nelson George

**Editors:**
Pr Sajo Thonikkuzhiyil
Pr. Titus Johnson
Pr. Sam Elambal
Joji Iype Mathews
Pr. Shibu Thomas , Oklahoma .

+91 9188522220 +91 9846552220
Email: cnl7news@gmail.com

Layout: Shaji Vazhoor ... 9656571354

# ശാരോൻ ഫെലോഷിപ്പ് ചർച്ച് യൂ.കെ അയർലണ്ട്, 2023–26 വർഷത്തേക്ക് ജനറൽ കമ്മിറ്റി അംഗങ്ങളെ തിരഞ്ഞെടുത്തു

യു കെ : ശാരോൻ ഫെലോഷിപ്പ് ചർച്ച് യൂ.കെ & അയർലണ്ടിന്റെ ജനറൽ ബോഡി മിറ്റിങ്ങ് ജൂലൈ 8 ശനിയാഴ്ച്ച രാവിലെ 11 മണിക്ക് മാറ്റ്സൺ ബാപ്റ്റിസ്റ്റ് ചർച്ചിൽ വെച്ച് നടന്നു. പാസ്റ്റർ ഫിന്നി ജോണിന്റെ പ്രാർത്ഥനയോടെ ആരംഭിച്ച മീറ്റിങ്ങിൽ പാസ്റ്റർ സാംകുട്ടി പാപ്പച്ചൻ അദ്ധ്യക്ഷത വഹിച്ചു. വിവിധ ഡിപ്പാർട്ടുമെന്റുകൾ റിപ്പോർട്ടുകൾ അവതരിപ്പിക്കുകയും വിശദമായ ചർച്ചകൾക്ക് ശേഷം റിപ്പോർട്ടുകൾ പാസാക്കുകയും ചെയ്തു. തുടർന്ന് പ്രസിഡന്റ് നിലവിലുള്ള നാഷണൽ കമ്മറ്റി പിരിച്ച് വിടുകയും പുതിയ കമ്മറ്റിയെ തിരെഞ്ഞെടുക്കുവാൻ അവസരം നൽകി. തുടർന്ന് നടന്ന തെരഞ്ഞെടുപ്പിൽ താഴെപറയുന്നവരെ പുതിയ ഭാരവാഹകളായ് തെരഞ്ഞെടുത്തു.




President: Pr. Samkutty Pappachen, Vice President: Pr. Jain Thomas, Secretary: Pr. Praise Varghese Joint Secretary: Pr. Joseph Varghese, Finance Committee: Treasurer:Br. Binu Baby, Br. Moncy Pappachen. C.E.M :President: Pr. Finny John, Secretary: Br. Prince Yohannan. Sunday School Coordinator,Br. Bibin Thankachen, 8. Evangelism Board: President: Pr. Asish Abraham Palathinkal, Secretary: Pr. Binu Kunjunju. Media and Publictiy Coordinator, Br. Rufos Shaju. Chartiy department, Pr. Jins Mathew, Pr. John Varghese. Prayer Coordinator, Pr. John Varghese. Committee Members, Br. Rejoice P. Rajan, Br. Jinu Joshua. Ladies Minitsry, Sis. Shiny Thomas

തുടർന്ന് ഭാവി പരിപാടികളെ കുറിച്ചുള്ള ആലോചനക്ക് ശേഷം പാസ്റ്റർ ജെയിൻ തോമസിന്റെ പ്രാർത്ഥനയോടെ ജനറൽ ബോഡി മീറ്റിങ്ങ് അവസാനിച്ചു. തുടർന്ന് പാസ്റ്റേഴ്സിന്റെയും പ്രതി പുരുഷന്മാരുടെയും മീറ്റിങ്ങ് നടന്നു. വിവിധ ഇടങ്ങളിൽ നിന്നും ദൈവദാസന്മാരും പാസ്റ്റേഴ്സും സന്നിഹിതരായിരുന്നു. പ്രാർത്ഥനക്ക് ശേഷം പാസ്റ്റർ. ജെയിൻ തോമസ് ദൈവവചനം സംസാരിച്ചു. തുടർന്ന് സെക്രട്ടറി പുതിയ കമ്മറ്റിയെ പരിചയപ്പെടുത്തി. തുടർന്ന് വിവിധ ഡിപ്പാർട്ട്മെന്റുകൾ ഭാവി കാര്യങ്ങളെ കുറിച്ച് വിശദീകരിക്കുകയും ചെയ്തു. തുടർന്ന് പാസ്റ്റർ സുനുപ് മാത്യു പ്രാർത്ഥിക്കുകയും പാസ്റ്റർ സാംകുട്ടി പാപ്പച്ചന്റെ ആശിർവാദത്തോടെ മീറ്റിങ്ങ് പര്യവസാനിക്കുകയും ചെയ്തു.

# ക്രിസ്ത്യൻ ദേവാലയത്തിൽ ഇരച്ചുകയറാൻ തീവ്ര യഹൂദവാദികളുടെ ശ്രമം



ഹൈഫ: ഇസ്രായേലിലെ ഹൈഫയിൽ സ്ഥിതി ചെയ്യുന്ന മെൽക്കൈറ്റ് ദേവാലയത്തിലും സെന്റ് ഏലിയാസ് ആശ്രമത്തിലും തീവ്ര യഹൂദ നിലപാടുള്ളവർ ഇരച്ചുകയറാൻ ശ്രമം നടത്തിയതായി റിപ്പോർട്ട്. കഴിഞ്ഞ ആഴ്ച സന്യാസ ആശ്രമത്തിന്റെ കോമ്പൗണ്ടിൽ പ്രവേശിച്ച തീവ്ര യഹൂദവാദികൾ അവിടെ നടന്നു കൊണ്ടിരുന്ന പ്രാർത്ഥനയും മുടക്കി. ഇത് ക്രൈസ്തവരുടെ ഇടയിൽ വലിയ പ്രതിഷേധത്തിനു കാരണമായിട്ടുണ്ട്. ഭാവിയിൽ വീണ്ടും അക്രമം ഉണ്ടാകാതിരിക്കുന്നതിന് സന്യാസ ആശ്രമത്തിന്റെ പുറത്ത് ഇരുമ്പ് കൊണ്ടുള്ള മതിലിന്റെ നിർമ്മാണം ഇന്നലെ ആരംഭിച്ചു. കാർമൽ മലയിൽ പന്ത്രണ്ടാം നൂറ്റാണ്ട് മുതൽ ഏലിയാ പ്രവാചകനെ അനുകരിച്ച് സന്യാസ ജീവിതം നയിക്കുന്ന കർമ്മലീത്ത സന്യാസ സമൂഹാംഗങ്ങളാണ് ഈ സന്യാസ ആശ്രമം സ്ഥാപിക്കുന്നത്. ദേവാലയത്തിന്റെ അൾത്താരയുടെ അടി ഭാഗത്താണ് ഏലിയാ പ്രവാചകന്റെ ഗുഹ സ്ഥിതി ചെയ്യുന്നതെന്ന് പാരമ്പര്യം പറയുന്നു. സന്യാസ ആശ്രമത്തെ അക്രമങ്ങളിൽ നിന്ന് സംരക്ഷിക്കാനും, മതിലുകളും, കവാടവും ചാടിക്കടന്ന് എത്തുന്നവർക്കെതിരെ പരാതി നൽകാനും പുതിയ മതിലിന്റെ നിർമാണം ഉപകാരപ്രദമാകുമെന്ന് ദേവാലയങ്ങളുടെ സംരക്ഷണത്തിന് നേതൃത്വം നൽകുന്ന അബു നാസർ പറഞ്ഞു.

ഇവിടെ ഏലിയായുടെ ശവകുടീരമുണ്ടെന്നു പറഞ്ഞാണ് തുടർച്ചയായി തീവ്ര യഹൂദവാദികൾ അക്രമണം അഴിച്ചുവിടാൻ മുതിരുന്നത്. എന്നാൽ സന്യാസ ആശ്രമത്തിന്റെ ശവകുടീരത്തിൽ വൈദികരെയും, സന്യാസികളെ മാത്രമേ അടക്കം ചെയ്തിട്ടുള്ളൂവെന്ന് വിശദീകരിച്ച് സഭ രംഗത്തെത്തിയിരുന്നു. ഇസ്രായേലി പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവിന്റെ സർക്കാർ അക്രമികൾക്ക് സംരക്ഷണവും, പിന്തുണയും നൽകുന്നുവെന്ന തോന്നലാണ് അടുത്തിടെയായി ക്രൈസ്തവർക്കെതിരെ അക്രമങ്ങൾ വർദ്ധിക്കാൻ കാരണമായിരിക്കുന്നതെന്ന് ജറുസലേമിലെ ലാറ്റിൻ പാത്രിയാർക്ക് പിയർ ബറ്റിസ്റ്റ പിസബെല്ല പറഞ്ഞിരുന്നു. അക്രമികൾ വൈദികരെയും, ക്രൈസ്തവരുടെ ആത്മീയ കേന്ദ്രങ്ങളെയും ലക്ഷ്യം വെക്കുകയാണെന്നും അദ്ദേഹം അസോസിയേറ്റഡ് പ്രസിനോട് വിശദീകരിച്ചിരുന്നു. ജെറുസലേമിലെ ക്രൈസ്തവ സഭകളുടെ തലവന്മാരുടെ കൗൺസിലിന്റെ നീതിക്കും, സമാധാനത്തിനും വേണ്ടിയുള്ള കമ്മറ്റി വൈദികർക്കും, ക്രൈസ്തവ കേന്ദ്രങ്ങൾക്കും എതിരെ നടക്കുന്ന അക്രമത്തെ അപലപിച്ചു. അടുത്തിടെ സമാനമായ നടന്ന അക്രമങ്ങളുടെ എണ്ണം ചൂണ്ടിക്കാട്ടിയാണ് കമ്മറ്റി പ്രതികരണം നടത്തിയത്.


# കേരളം ആദ്യത്തെ ഡിജിറ്റൽ സയൻസ് പാർക്കിന് തുടക്കം കുറിച്ചു



ഇന്ത്യയിൽ ആദ്യമായി ടെക്നോപാർക്ക് സ്ഥാപിച്ചും, ഇന്ത്യയിലെ ആദ്യത്തെ ഡിജിറ്റൽ യൂണിവേഴ്സിറ്റി സ്ഥാപിച്ചും കേരളം രാജ്യത്തെ ആദ്യത്തെ ഡിജിറ്റൽ സയൻസ് പാർക്കിന് തുടക്കം കുറിച്ചു. 33 വർഷം മുൻപാണ് രാജ്യത്തെ ആദ്യത്തെ ടെക്നോപാർക്ക് കേരളത്തിൽ സ്ഥാപിച്ചത്. രണ്ട് വർഷം മുൻപ് രാജ്യത്തെ ആദ്യത്തെ ഡിജിറ്റൽ യൂണിവേഴ്സിറ്റിക്ക് തുടക്കം കുറിച്ചും ഐ ടി മേഖലയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ കേരളം രാജ്യത്തിനാകെ മാതൃകയായിരുന്നു.

ഈ യൂണിവേഴ്സിറ്റിയോട് ചേർന്നാണ് ഡിജിറ്റൽ സയൻസ് പാർക്ക് യാഥാർത്ഥ്യമാവുന്നത്. ലോകമെമ്പാടും വിജ്ഞാനാധിഷ്ഠിത വ്യവസായങ്ങളുടെ വികസനത്തിൽ വലിയ കുതിച്ചുചാട്ടം ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഉന്നത വിദ്യാഭ്യാസ രംഗത്തുണ്ടായ കുതിപ്പും അടിസ്ഥാന സൗകര്യ രംഗത്തുണ്ടായ സമൂല മാറ്റങ്ങളും കേരളത്തിന്റെ വളർച്ചയ്ക്ക് കരുത്തേകും. കേരളത്തെ ഒരു വിജ്ഞാന സമ്പദ്ഘടനയായും നൂതനത്വ സമൂഹവുമായി മാറ്റുന്നതിനുള്ള പ്രധാനപ്പെട്ട ഒരു ചുവടുവയ്പ്പാണ് ഈ ഡിജിറ്റൽ സയൻസ് പാർപാർക്കെന്നും മുഖ്യമന്ത്രിയുടെ ഫേസ്ബുക്കിൽ കുറിച്ചു .

# പശ്ചിമേഷ്യയിലെ ഏറ്റവും വലിയ ആശ്രമ ദേവാലയം ഈജിപ്തിൽ



കെയ്റോ: പശ്ചിമേഷ്യയിലെ ഏറ്റവും വലിയ ദേവാലയമെന്ന പദവി ഈജിപ്തിൽ പണികഴിപ്പിക്കപ്പെട്ട സെന്റ് സൈമൺ ദ ടാണർ എന്ന കോപ്റ്റിക് ദേവാലയത്തിന് സ്വന്തം. രാജ്യ തലസ്ഥാനമായ കെയ്റോയിൽ പണികഴിപ്പിച്ച ദേവാലയത്തിൽ ഇരുപതിനായിരത്തോളം ആളുകളെ ഉൾക്കൊള്ളാൻ കഴിയുമെന്നാണ് ശ്രദ്ധേയമായ വസ്തുത.

ഇവിടുത്തെ വിശ്വാസികളിൽ ഭൂരിപക്ഷവും മാലിന്യം ശേഖരിച്ചു ഉപജീവനം നടത്തുന്ന കോപ്റ്റിക് ക്രൈസ്തവർ ആണ്. 1975ൽ അവർ തകരവും, ഈറ്റയും ഉപയോഗിച്ച് ഒരു ദേവാലയം നിർമ്മിച്ചെങ്കിലും അത് അഗ്നിയിൽ നശിച്ചുപോയി. അതിൽ മനസ്സുമടുക്കാതെയാണ് സെന്റ് സൈമൺ ദ ടാണർ ദേവാലയ നിർമ്മാണത്തിലേക്ക് അവർ കടക്കുന്നത്. ഒരു ഗുഹയുമായി ബന്ധിപ്പിച്ചാണ് ഈ ദേവാലയം നിർമ്മിച്ചിരിക്കുന്നത്.

# മണിപ്പൂരിൽ ഡിജിപിയെ ശകാരിച്ച് സുപ്രീം കോടതി

ന്യൂഡൽഹി :മണിപ്പൂരിൽ ഭരണസംവിധാനം തകർന്ന അവസ്ഥയിലെന്ന് സുപ്രീംകോടതി. ക്രമസമാധാനം തകർന്ന നിലയിലാണ് മണിപ്പൂർ. ക്രമസമാധാനം തകർന്നിടത്ത് എങ്ങനെ നീതി നടപ്പിലാക്കുമെന്ന് സുപ്രീംകോടതി ചോദിച്ചു. മണിപ്പൂരിൽ കലാപം രൂക്ഷമായപ്പോൾ പൊലീസ് മേധാവി എന്ത് ചെയ്യുകയായിരുന്നുവെന്ന് ചോദിച്ച സുപ്രീംകോടതി ഡിജിപി നേരിട്ട് ഹാജരാകണമെന്നും നിർദേശിച്ചു. വെള്ളിയാഴ്ച ഉച്ചയ്ക്ക് രണ്ട് മണിക്ക് ഹാജരാകാനാണ് സുപ്രീംകോടതി നിർദേശിച്ചത്.



കേസ് പരിഗണിക്കവെ, പൊലീസ് തന്നെ ആൾക്കൂട്ടത്തിന് കൈമാറിയതായി യുവതി മൊഴി നൽകി. മണിപ്പൂർ കത്തുമ്പോൾ പൊലീസ് ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ എന്ന് കോടതി ചോദിച്ചു. ഈ മാസങ്ങളിലെല്ലാം ഡിജിപി അത് കണ്ടെത്താൻ ശ്രദ്ധിച്ചോ? ഡിജിപി എന്താണ് ചെയ്തത്? പൊലീസ് ഉദ്യോഗസ്ഥരെ ചോദ്യം ചെയ്തോ? തുടങ്ങിയ ചോദ്യങ്ങളും കോടതി ചോദിച്ചു. മണിപ്പൂർ പൊലീസ് അന്വേഷണം നടത്താൻ പര്യാപതമല്ലെന്ന് പറഞ്ഞ കോടതി, 6000ത്തിലധികം എഫ്ഐആറിൽ ഏഴ് അറസ്റ്റ് മാത്രം രേഖപ്പെടുത്തിയതിൽ കോടതി ആശ്ചര്യം പ്രകടിപ്പിച്ചു.

## മണിപ്പൂർ വിഷയത്തിൽ പ്രധാനമന്ത്രി മറുപടി പറയും



ന്യൂഡൽഹി : മണിപ്പൂർ വിഷയവുമായി ബന്ധപ്പെട്ട് പ്രതിപക്ഷം കൊണ്ടുവന്ന അവിശ്വാസപ്രമേയത്തിന്മേൽ ലോക്സഭയിൽ ഈ മാസം എട്ടിന് ചർച്ച നടക്കും പത്തിന് പ്രധാനമന്ത്രി നരേന്ദ്ര മോദി മറുപടി പറയും. പ്രതിപക്ഷ സഖ്യമായ 'ഇന്ത്യ' കൊണ്ടുവന്ന അവിശ്വാസ പ്രമേയത്തിന്മേലാണ് ചർച്ച. കോൺഗ്രസ് സഭാ കക്ഷി ഉപനേതാവും അസമിൽ നിന്നുള്ള എംപിയുമായ ഗൗരവ് ഗൊഗോയ് ആണ് അവിശ്വാസ പ്രമേയത്തിന് നോട്ടീസ് നൽകിയത്. സ്പീക്കർ ഓം ബിർള അവതരണാനുമതി നൽകുകയും ചെയ്തിരുന്നു. പ്രതിപക്ഷ സഖ്യമായ 'ഇന്ത്യ'യിലെ പാർട്ടികൾ എല്ലാവരും അവിശ്വാസ പ്രമേയത്തെ പിന്തുണയ്ക്കുന്നുണ്ട്.

# ഹരിയാനയിൽ വർഗീയ സംഘർഷം; മൂന്ന് മരണം

ചണ്ഡീഗഢ്: ഹരിയാനയിലെ നൂഹിലുണ്ടായ വർഗീയ സംഘർഷത്തിൽ കൊല്ലപ്പെട്ടവരുടെ എണ്ണം മൂന്നായി. ഇതുവരെ 20 പേർക്ക് പരിക്കേറ്റിട്ടുണ്ടെന്നും റിപ്പോർട്ടുകളുണ്ട്. അതേസമയം സംഘർഷാവസ്ഥ കണക്കിലെടുത്ത് പൽവാൽ, ഫരീദാബാദ്, ഗുഡ്ഗാവ് എന്നിവിടങ്ങളിലെ എല്ലാ സ്കൂളുകളും ചൊവ്വാഴ്ച അടച്ചുപൂട്ടാൻ ഉത്തരവിട്ടു. കൊല്ലപ്പെട്ടവരിൽ രണ്ട് പേർ ഹോം ഗാർഡാണ്.



സംഘർഷത്തിൽ നിരവധി വാഹനങ്ങൾ കത്തിച്ചു. മേഖലയിൽ രാത്രി വൈകിയും സംഘർഷം നിലനിന്നു. സംഭവസ്ഥലത്ത് നിരോധനാജ്ഞ പ്രഖ്യാപിച്ചിട്ടുണ്ട്. ബുധനാഴ്ച വരെ നൂഹ് ജില്ലയിൽ ഇന്റർനെറ്റ് നിരോധിക്കുകയും ചെയ്തു. സംഘർഷത്തിനിടയിൽ പൊലീസ് കണ്ണീർ വാതകം പ്രയോഗിച്ചു. ബജ്റംഗ്ദളും വി.എച്ച്.പിയും സംഘടിപ്പിച്ച ബ്രിജ് മണ്ഡൽ ജലാഭിഷേക് യാത്രയലാണ് സംഘർഷം നടന്നത്. പശുക്കടത്ത് ആരോപിച്ച് ഹരിയാനയിൽ രണ്ടു യുവാക്കളെ ചുട്ടുകൊന്ന കേസിലെ പ്രതിയും സംഘപരിവാർ പ്രവർത്തകനുമായ മോനു മനേസർ യാത്രയിലുണ്ടായത് സംഘർഷത്തിന് കാരണമാകാമെന്ന് റിപ്പോർട്ടുണ്ട്

## മണിപ്പൂരിന് ഐക്യദാർഢ്യം പ്രഖ്യാപിച്ച് ബെഥേൽ ഗോസ്പൽ അസംബ്ലി കോട്ടയം സോണൽ

കോട്ടയം: പത്തനാപുരം കേന്ദ്രമായി പ്രവർത്തിക്കുന്ന ബെഥേൽ ഗോസ്പൽ അസംബ്ലിയുടെ കോട്ടയം സോണൽ മണിപ്പൂരിലെ പീഡിത ജനതയ്ക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ച് ജൂലൈ 30 ന് കോട്ടയം തിരുനക്കര ഗാന്ധി സ്ക്വയറിൽ യോഗം ചേർന്നു. പാസ്റ്റർ സന്തോഷ് മണിയങ്ങാട്ട് അധ്യക്ഷത വഹിച്ചു. തിരുവഞ്ചൂർ രാധാകൃഷ്ണൻ എംഎൽഎ ഉദ്ഘാടനം ചെയ്തു. പാസ്റ്റർ ജോർജ്ജ് ബെഞ്ചമിൻ, പാസ്റ്റർ അനീഷ് ചെങ്ങന്നൂർ എന്നിവർ പ്രസംഗിച്ചു. പാസ്റ്റർ വി.സി മാത്യു പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകി.

## ഒ എം.ബുക്സ് ക്രിസ്തീയ പുസ്തകമേള കല്യാൺ നഗറിൽ

ബെംഗളുരു: ക്രിസ്തീയ സാഹിത്യ പുസ്തകങ്ങളുടെ ഇന്ത്യയിലെ നിർമാതാക്കളായ ഒ എം.ബുക്സ് ആഗസ്റ്റ് 1 ഇന്ന് മുതൽ 12 വരെ ഔട്ടർ റിംഗ് റോഡിന് സമീപം കല്യാൺ നഗർ ഒ എം പുസ്തകശാല കെട്ടിടത്തിൽ ബെംഗളൂരു ക്രിസ്തീയ പുസ്തകമേള നടക്കും. വിവിധ ഭാഷകളിലുള്ള ബൈബിളുകൾ , ധ്യാന ഗ്രന്ഥങ്ങൾ , ബൈബിൾ നിഘണ്ടു , ബൈബിൾ കമന്ററികൾ, പഠന ഗ്രന്ഥങ്ങൾ, വേദശാസ്ത്രം തുടങ്ങി പതിനായിരത്തിൽ പരം വ്യത്യസ്ത ശീർഷകങ്ങളിലുള്ള ഗ്രന്ഥങ്ങൾ മേളയിൽ ഒരുക്കിയിട്ടുണ്ട്. ദിവസവും രാവിലെ 9.30 മുതൽ വൈകിട്ട് 7.30 വരെ നടക്കുന്ന മേള നവംബർ 12 ന് സമാപിക്കും. പുസ്തകങ്ങൾ വാങ്ങുന്നവർക്ക് വിലക്കിഴിവും ലഭിക്കുമെന്ന് ഒഎം.ബുക്സ് മാനേജർ ജോൺ പി. ജേക്കബ് അറിയിച്ചു.


# ആങ് സാൻ സൂചിക്ക് മാപ്പുനൽകി മ്യാന്മർ ഭരണകൂടം

നയ്പിഡോ:സ്ഥാനഭ്രഷ്ടയാക്കപ്പെട്ട ഭരണാധികാരിയും നൊബേൽ സമ്മാന ജേതാവുമായ ആങ് സാൻ സൂചിക്ക് മാപ്പു നൽകി മ്യാന്മർ ഭരണകൂടം. രാജ്യത്തെ പട്ടാള ഭരണകൂടം സൂചിക്ക് മാപ്പു നൽകിയതായി ദേശീയ മാധ്യമങ്ങളാണ് റിപ്പോർട്ട് ചെയ്തത്. എല്ലാ കുറ്റങ്ങളിലിൽ നിന്നും ഒഴിവാക്കപ്പെടാത്ത സാഹചര്യത്തിൽ സൂചിയുടെ മോചനം ഉടൻ ഉണ്ടാകില്ലെന്നാണ് സൂചന.

ബുദ്ധമത വിശ്വാസത്തിൽ പ്രധാനപ്പെട്ട നോമ്പ് കാലത്തിന്റെ ഭാഗമായി 7,000 കുറ്റവാളികൾക്ക് മാപ്പു നൽകുന്നുവെന്നാണ് പട്ടാളഭരണകൂടം അറിയിച്ചിട്ടുള്ളത്. ഇതിൽ സൂചിയും അവരുടെ കൂട്ടാളിയും മുൻ പ്രസിഡന്റുമായ വിൻ മിന്റും ഉൾപ്പെടും. എന്തുകൊണ്ടാണ് സൂചിക്ക് മാപ്പുനൽകാൻ ഭരണകൂടം തയ്യാറായത് എന്നത് സംബന്ധിച്ചോ അവർ ഇനി രാഷ്ട്രീയത്തിൽ നിന്ന് വിട്ടുനിൽക്കുമോ തുടങ്ങിയ കാര്യങ്ങളിലോ വ്യക്തതയില്ല.



## നിത്യതയിൽ



കുമ്പനാട് : അടപ്പനാംകണ്ടത്തിൽ കുര്യൻ മാത്യൂസ് (തമ്പി 93) നിത്യതയിൽ ചേർക്കപ്പെട്ടു. ഇപ്പോൾ നിത്യതയിൽ വിശ്രമിക്കുന്ന അടപ്പനാംകണ്ടത്തിൽ എ.കെ മത്തായി, ഏലിയാമ്മ മത്തായി ദാമ്പതികളുടെ മകൻ ആണ് നിത്യതയിൽ ചേർക്കപ്പെട്ട കുര്യൻ മാത്യൂസ്. സൗത്തേൺ റെയിൽവേയിൽ സൂപ്രണ്ട് ആയി സേവനം അനുഷ്ഠിച്ചിരുന്നു.
ഭാര്യ ഗ്രേസികുട്ടി കുര്യൻ പുളിക്കീഴ് കിഴക്കേതിൽ കുടുംബാംഗം ആണ്. മക്കൾ: എലിസബേത്ത് വർഗ്ഗീസ് (സെലീന), മറിയാമ്മ ജോൺസൻ (സൂ മോൾ, കുവൈറ്റ്), ആനി വില്യം ( Suja), ഫിജി മാത്യു കുര്യൻ (കുവൈറ്റ്), സുമ റേച്ചൽ ഐസക്. മരുമക്കൾ : സി. സി വർഗീസ് (ജോയ്ക്കുട്ടി ), പി ജെ ജോൺസൻ (ജോസ് ), വില്യം കെ ഡാനിയേൽ (ജോസ് ), ലിജി ജോർജ് ( കുവൈറ്റ് ) ഐസക് ഉമ്മൻ (കൊച്ചുമോൻ )
സംസ്കാര ശുശ്രൂഷ വെള്ളിയാഴ്ച കൂർത്തമല മാർത്തോമാ സഭയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെടും.


CHRISTIANLIVE
CHRISTIAN LIVE.IN
Presents
Bhakta Smarana
August 5th
Saturday
@ 7.00 PM
Marthoma Church Auditorium
Mussaffah , Abudhabi
More Details : 056 5346673/050 5277229/050 6576490